"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണവകുപ്പ് - ഏഴംകുളം ഗ്രാമപഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റ് ശ്രീമതി. ദിവ്യ.വി.എസ് ന് 05.11.2016 മുതൽ 04.07.2017 വരെ ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.910/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 18/05/2020

---

പരാമർശം:- 1 ശ്രീമതി. ദിവ്യ.വി.എസ് സമർപ്പിച്ച അവധി അപേക്ഷ

2 പഞ്ചായത്ത് ഡയറക്ടറുടെ 24.12.2019 ലെ PAN/25921/2018-E10(DP) നം. കത്ത്

**ഉത്തരവ്**

ഏഴംകുളം ഗ്രാമപഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റ് ശ്രീമതി. ദിവ്യ.വി.എസ് 05.11.2016 മുതൽ 04.07.2017 വരെ കുട്ടിയെ നോക്കുന്നതിനുള്ള ആവശ്യത്തിലേക്കായി ശൂന്യവേതനാവധി അനുവദിക്കുന്നതിന് പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം (2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കി. ശ്രീമതി. ദിവ്യ.വി.എസ് അവധി കഴിഞ്ഞ് 05.07.2017 തീയതിയിൽ സേവനത്തിൽ പുനപ്രവേശിച്ചിട്ടുള്ളതായും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തു. ശ്രീമതി. ദിവ്യ.വി.എസ് 11.03.2013 ൽ സേവനത്തിൽ പ്രവേശിച്ചു. 05.11.2016 മുതൽ 04.07.2017 വരെയുള്ള കാലയളവുകളിൽ പഞ്ചായത്ത് സെക്രട്ടറി അനുവദിച്ചിരുന്ന ശൂന്യവേതനാവധി റദ്ദ് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. ഏഴംകുളം ഗ്രാമപഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റ് ശ്രീമതി. ദിവ്യ.വി.എസ് ന് 05.11.2016 മുതൽ 04.07.2017 വരെ ടി കാലയളവ് ഇൻക്രിമെന്റ്, ഹയർഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നിവയ്ക്ക് പരിഗണിക്കുകയില്ല എന്ന വ്യവസ്ഥയിൽ കെ. എസ്. ആർ, ഭാഗം 1, ചട്ടം 88 പ്രകാരം ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഷീബ ബി**
**ഡെപ്യൂട്ടിസെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട (പഞ്ചായത്ത് ഡയറക്ടർ മുഖേന).

ശ്രീമതി. ദിവ്യ.വി.എസ്, ഓഫീസ് അറ്റൻഡന്റ്, ഏഴംകുളം ഗ്രാമപഞ്ചായത്ത്,പത്തനംതിട്ട (പഞ്ചായത്ത് ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)

ഐ&പിആർഡി -വെബ് & ന്യൂ മീഡിയ

ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/15/2020-LSGD)/ കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ